# പതിമൂന്നാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2426

18/02/2016 -ൽ മറുപടിക്ക്

## കനോലി കനാലിന്റെ അരികു വശം ഇടിഞ്ഞു വീണതുമൂലമുള്ള റോഡുകളുടെ അപകടാവസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ പ്രദീപ്കുമാർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് നഗരത്തിൽ കനോലി കനാലിന്റെ അരികു വശം പലസ്ഥലങ്ങളിലും ഇടിഞ്ഞുവീണ് റോഡുകൾ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവിടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) കനോലി കനാലിന്റെ ഇരുകരകളിലും ഉള്ള ഇൻസ്പെക്ഷൻ റോഡുകൾ കോർപ്പറേഷൻ വിഭാഗം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുവാദം കൂടാതെയാണ് ഗതാഗതയോഗ്യമാക്കിയിട്ടുള്ളത്. കനാലിന്റെ ഇരുകരകളിലുമുള്ള പാർശ്വഭിത്തികൾ ഒന്നും തന്നെ റോഡ് ഗതാഗതത്തിന് യോഗ്യമായ ബലമുള്ളവയല്ല. കനാലിന്റെ ഇരുകരകളിലുമുള്ള ഇൻസ്പെക്ഷൻ റോഡിലൂടെ ഭാരമേറിയ വാഹനങ്ങൾ പോകുന്നതുകൊണ്ടാണ് പാർശ്വഭിത്തി ഇടിയാൻ കാരണമാകുന്നത്.<br><br>ഇ.കെ കനാൽ ദേശീയ ജലപാതയായി ഉയർത്തിയിട്ടുള്ളതിനാൽ 14 മീറ്റർ എന്ന മാനദണ്ഡം പാലിച്ച് കൊണ്ട് മാത്രമേ പാർശ്വഭിത്തിയുടെ പുനർനിർമ്മാണത്തിന് അനുവാദം നൽകുവാൻ സാധിക്കുകയുള്ളൂ. കനാലിന്റെ 14 മീറ്റർ വീതി വരുന്ന ഭാഗങ്ങളിലെ പ്രവൃത്തികൾക്ക് വേണ്ടി 170 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. വെണ്ണീർ വയൽ ഭാഗത്ത് റോഡിലുണ്ടായ വിള്ളലുകൾ പരിഹരിക്കുന്നതിന് കളക്ടറുടെ നിർദ്ദേശത്തെ |

തുടർന്ന് പാർശ്വഭിത്തി സംരക്ഷണവും ചെളി നീക്കവും കൂടി 11.70 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പക്ഷെ കോൺട്രാക്ടർമാരുടെ ഭാഗത്ത് നിന്ന് പ്രതികരണം ലഭിച്ചിരുന്നില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

തുടർന്ന് ചെളി നീക്കുന്ന പ്രവൃത്തി ഒഴിവാക്കി പാർശ്വഭിത്തി കെട്ടി സംരക്ഷണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതിയ നിരക്കനുസരിച്ച് സമർപ്പിക്കുവാൻ കോഴിക്കോട് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ